# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 503 — 09.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:<br>**1) വായ്പാരംഗം**<br>സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി.<br>**2) നിക്ഷേപരംഗം**<br>നിക്ഷേപ രംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിനായി നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരണ്ടി സ്കീം എന്നിവ നടപ്പാക്കി. കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി നൽകി.<br>**3) ഉപഭോക്തൃരംഗം**<br>'നന്മ' പദ്ധതി ആരംഭിച്ച് നടപ്പിലാക്കുകയും വർഷംതോറും നടത്തിവരുന്ന ഉത്സവകാല വിപണികളിലൂടെ പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് നടപടികൾ സ്വീകരി ക്കുകയും ചെയ്തു. |

4) **പൊതുവായ്പ**

1. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം നൽകുന്നതിന് നടപടി സ്വീകരിച്ചു.

2. ടൂറിസം, ലേബർ രംഗങ്ങളിൽ അപ്പെക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു.

3. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ ആവിഷ്കരിച്ചു.

4. സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികൾ പരിഷ്കരിച്ചു.

5. വിവിധ മേഖലയിൽ പഠന സമിതികൾ നിയമിച്ചു.

6. റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരിച്ചു.

7. ആഡിറ്റിൽ തടയപ്പെട്ടതും ദീർഘ കാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് 'ഉണർവ്' കാമ്പയിൻ സംഘടിപ്പിച്ചു.

8. സഹകരണ നിയമത്തിൽ ഉചിതമായ ഭേദഗതികൾ വരുത്തി.

9. സഹകരണ വകുപ്പിന് തലസ്ഥാനത്ത് ആസ്ഥാന മന്ദിരം പണി പൂർത്തീകരിച്ചു.

10. ഏഴാം സഹകരണ കോൺഗ്രസ്, സഹകരണ എക്സ്പോ എന്നിവ 2012 – ൽ സംഘടിപ്പിച്ചു.

11. 'വിഷൻ 2025' പദ്ധതി ആവിഷ്കരിച്ചു.

12. ഹ്രസ്വകാല വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കാർഷിക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള മുഖാമുഖംപരിപാടി,ഓഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ, വകുപ്പിൽ സേവനാ വകാശ നിയമം നടപ്പിലാക്കൽ സഹക രണ സ്ഥാപനങ്ങൾ മുഖാന്തിരം അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്ന പദ്ധതിയായ 'ആലില', ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള സുവർണ്ണ കേരളം പദ്ധതി,

....3

| | |
|---|---|
| | മിഷൻ 676 പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിവയും സഹ കരണ മേഖലയെ ശക്തി പ്പെടുത്തുവാൻ സഹായ കമാകും വിധം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ആവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സഹകരണ മേഖല ഏതെല്ലാം രീതിയിൽ ഇടപെടലുകൾ നടത്തിയെന്ന് വ്യക്തമാക്കാമോ ? | (ബ) സഹകരണ കൺസ്യൂമർ മേഖലയുടെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് മുഖാന്തിരം വിലക്കയറ്റത്തിന് സാദ്ധ്യതയേറിയ ഉത്സവ കാലങ്ങളിൽ (ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയവ) പൊതു വിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകമായി 13 ഇനം അവശ്യ-നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്ന് നിശ്ചിത ശതമാനം വിലക്കുറവിൽ പ്രത്യേക വിപണന മേളകളിലൂടെ വിൽപ്പന നടത്തുകയും ചെയ്തു. അതു മുഖേന പൊതു വിലണിയിൽ 20% വരെ വിലക്കുറയ്ക്കുവാൻ വ്യാപാരികളെ നിർബന്ധിത രാക്കാനും തദ്വാരാ കൃത്രിമക്ഷാമം പോലെയുള്ള ദുഷ്പ്രവണതകൾ കുറയ്ക്കുന്നതിനും കഴിഞ്ഞു. വർഷം മുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ നന്മ സ്റ്റോറുകളിലൂടെ 20% വരെ വില കുറച്ച് വിപണനം നടത്തി. |
| (സി) കണസ്യൂമർഫെഡ്, ത്രിവേണി എന്നീ സംവിധാനങ്ങൾ മുഖേന ഏതെല്ലാം രീതിയിലാണ് വിപണി ഇടപെടലുകൾ നടത്തിയത്;വിശദാംശം ലഭ്യമാക്കാമോ ? | (സി) കൺസ്യൂമർഫെഡിന് കീഴിൽ സംസ്ഥാന ത്തൊട്ടാകെ നടത്തിവരുന്ന നന്മ സ്റ്റോറു കളിലൂടെ 20% വരെ വില കുറച്ച് 10 ഇനം അവശ്യ-നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തിവരുന്നു.<br>ഉത്സവ കാലങ്ങളിൽ വിലക്കയറ്റം തടയുന്നതി നായി കൺസ്യൂമർഫെഡ് സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തി പ്രത്യേക സബ്സിഡി വിപണന മേളകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രസ്തുത മേളകൾ ത്രിവേണി സ്റ്റോറുകളിലും നടത്തുന്നതിന് സൗകര്യമൊരുക്കി.<br>ജനങ്ങൾക്ക് പ്രാപ്തമായ സ്ഥലങ്ങളിൽ ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് ത്രിവേണി ഔട്ട് ലെറ്റുകളായ ത്രിവേണി സ്റ്റോറുകൾ, സഞ്ചരി ക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവ യുടെ സേവനവും കൺസ്യൂമർഫെഡ് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ